ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ

20(4624) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ എത്ര കുട്ടികളെയാണ് പഠിപ്പിക്കുന്നത്;

(ബി) കേന്ദ്രത്തിൽ നിന്നും ഇതിനായി എത്ര ഫണ്ടാണ് വർഷം തോറും സംസ്ഥാനത്ത് ലഭിക്കുന്നത്; വിശദാംശം നൽകുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിലെ റിസോഴ്സ് അദ്ധ്യാപകർക്ക് നൽകുന്ന വേതനത്തെക്കാൾ കുറവാണ് കേരളത്തിലെ അദ്ധ്യാപകർക്ക് നൽകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ റിസോഴ്സ് അദ്ധ്യാപകർക്ക് എത്ര രൂപയാണ് വേതനം നൽകുന്നത്; വിശദമാക്കുമോ ? റിസോഴ്സ് അദ്ധ്യാപകർക്ക് വേതനം വർദ്ധിപ്പിക്കുന്നതിനും സ്ഥിര നിയമനം നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) എം.എച്ച്.ആർ.ഡി. ഗൈഡ് ലൈൻ പ്രകാരം എട്ട് കുട്ടികൾക്ക് ഒരു ടീച്ചർ എന്ന അനുപാതമാണുള്ളതെങ്കിലും യോഗ്യരായ അദ്ധ്യാപകരെ ലഭിക്കുന്നതിലുള്ള കുറവും എം.എച്ച്.ആർ.ഡി. പുതിയ അദ്ധ്യാപകരെ അനുവദിക്കാത്തതിലുള്ള പ്രയാസവുംമൂലം ഈ അനുപാതത്തിൽ നിയമിക്കാൻ സാധിക്കുന്നില്ല.

(ബി) ഡി.പി.ഐ-ൽ നിന്നും ആർ.എം.എസ്.എ. വഴി സംസ്ഥാന സർക്കാർ എം.എച്ച്.ആർ.ഡി.-ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസൽ എം.എച്ച്.ആർ.ഡി.യുടെ പി.എ.ബി. പരിശോധിച്ച് അംഗീകരിച്ചാണ് ഫണ്ട് അനുവദിക്കുന്നത്. 2014-15 വർഷത്തേക്ക് 26 കോടി രൂപയാണ് വിവിധ ഇനങ്ങൾക്കായി അനുവദിച്ചിരിക്കുന്നത്.

(സി) ഏറ്റക്കുറച്ചിലുകളുള്ളതിനാൽ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ഡി) സംസ്ഥാനത്തെ റിസോഴ്സ് അദ്ധ്യാപകർക്ക് നിലവിൽ 18665 രൂപയാണ് വേതനമായി നൽകുന്നത്. സംസ്ഥാന സർക്കാർ എം.എച്ച്.ആർ.ഡി.-ക്ക് നൽകുന്ന പ്രൊപ്പോസൽ പ്രോജക്ട് അപ്രൈസൽ ബോർഡ് പരിശോധിച്ചാണ് ഇത് അനുവദിക്കുന്നത്. 2009-10-ലെ 8500 രൂപയിൽ നിന്ന് തുടർ വർഷങ്ങളിലായി 8810, 11620, 14620, 18665 എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. സ്ഥിരം നിയമനം സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly